'ഭരണഭാഷ - മാതൃഭാഷ'

2064 K(1)

03

OFFICE OF THE LABOUR COMMISSIONER
05 FEB 2020
THIRUVANANTHAPURAM

കേരള സർക്കാർ

നം.1367864/തൊഴിൽ-1/245/2019-ധന.

ധനകാര്യ (തൊഴിൽ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : **30.01.2020**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം),
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

ലേബർ കമ്മീഷണർ,
തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ

സർ,

വിഷയം:- കേരളത്തിലെ പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ - സംബന്ധിച്ച്.

സൂചന:- 27.09.2019 തീയതിയിലെ താങ്കളുടെ കെ1/12085/2019 നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സോഷ്യൽ വർക്കേഴ്സിന്റെ തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഗവൺമെന്റ് തലത്തിൽ സോഷ്യൽ വർക്കേഴ്സിന്റെ മിനിമം സാലറി ഉറപ്പാക്കുന്നത് സംബന്ധിച്ച് മെഡിക്കൽ എഡ്യൂക്കേഷൻ സൈക്യാട്രിക് വകുപ്പിലെ സോഷ്യൽ വർക്കർ തസ്തികയുടെ യോഗ്യത, ജോലിയുടെ സ്വഭാവം, ഉത്തരവാദിത്വം, ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള ശമ്പള സ്കെയിൽ എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ വർക്കേഴ്സിനെ കാറ്റഗറി VII ൽ ഉൾപ്പെടുത്തുകയും 09.07.2019 തീയതിയിലെ സ.ഉ.(പി) നം.81/2019/ധന പ്രകാരം സർക്കാർ വകുപ്പുകൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സഹായ പദ്ധതികൾ, സംസ്ഥാന പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികളിലെ ജീവനക്കാർ, ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാർ (തനത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി മാത്രം) എന്നീ വിഭാഗങ്ങളിലെ സോഷ്യൽ വർക്കർ തസ്തികയ്ക്ക് ദിവസവേതനം 985/- രൂപയും പരമാവധി പ്രതിമാസ ദിവസവേതനം 26,595/- രൂപയും പ്രതിമാസ കരാർ വേതനം 28,955/- രൂപയും ആയി നിശ്ചയിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**റ്റി.എസ്.മധുസൂദനൻ നായർ**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്,

സെക്ഷൻ ഓഫീസർ

6/2/20